# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3111 — 22.06.12-ൽ മറുപടിക്ക്.

## ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ പുരോഗതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീമതി കെ.എസ്.സലീഖ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ: | മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.ജില്ലാ ആസൂത്രണ സമിതിക്കാണ് ഇതിന്റെ മേൽനോട്ടം. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജന ക്ഷേമം, ഭിന്നശേഷിയുള്ളവരുടെ സേവനം, കുട്ടികൾക്കുള്ള പദ്ധതി, പാലിയേറ്റീവ് കെയർ എന്നിവയ്ക്കുള്ള പദ്ധതി വിഹിതം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്: | ഏറ്റവും കുറഞ്ഞത് 10% (വനിതാ ഘടക പദ്ധതി അടക്കം) |
| (സി) | പശ്ചാത്തല മേഖലയിൽ ചെലവഴിക്കുവാനുള്ള പരമാവധി തുക എത്ര ശതമാനമായി വർദ്ധിപ്പിച്ചു: ഉൽപാദന മേഖലയിൽ പഞ്ചായത്ത് തലത്തിൽ 12-ാം പഞ്ചവത്സര പദ്ധതി മുതൽ എത്ര ശതമാനം തുക ചെലവഴിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ: | ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് 45% (പരമാവധി), മുനിസിപ്പാലിറ്റി, കോർപ്പറേഷൻ 55%, ജില്ലാ പഞ്ചായത്ത് 50%, ഉത്പാദന മേഖലയ്ക്ക് ശതമാനം നിശ്ചയിച്ചിട്ടില്ല. |
| (ഡി) | വാർഡുകൾ തോറും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോയെന്ന് വ്യക്തമാക്കുമോ? | 12-ാം പദ്ധതിയിൽ ഇതു സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ